പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2450 05.02. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യെ സംബന്ധിച്ച് ഐ.ഐ.എം. ന്റെ പഠന റിപ്പോർട്ട്

ചോദ്യം

ശ്രീ.റോജി എം.ജോൺ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ട് നടപ്പിലാക്കുവാൻഎന്തെല്ലാം നടപടി ക്രമങ്ങളും തീരുമാനങ്ങളുമാണ് ഇതുവരെ എടുത്തിട്ടുള്ളത്; | (എ) 03.05.2016 ൽ കെ.എസ്.ഇ.ബി.എൽ (ബോർഡ്)ന് മുമ്പാകെ കോഴിക്കോട് ഐ.ഐ.എം, തങ്ങൾ നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേദിവസം കൂടിയ ബോർഡുയോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.<br>ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റി ഐ.ഐ.എം കോഴിക്കോടിനോട് ആരായുകയും ആയവ സംബന്ധിച്ച തുടർപഠനങ്ങൾ ഐ.ഐ.എം കോഴിക്കോട് നടത്തുകയും 07.06.2017 ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എൻജിനീയർ (എച്ച്.ആർ.എം) കൺവീനറായും, ഫുൾ ടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശുപാർശകൾ ഫുൾ ടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾ ടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിൽ ആണ്. |
| (ബി) പഠന റിപ്പോർട്ട് സമയബന്ധിതമായി നടപ്പിലാക്കുവാൻ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. ബഹുമാനപ്പെട്ട വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 17.04.2017 ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ, ഒരു പൊതുമേഖലാ സ്ഥാപനമായതിനാൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഐ.ഐ.എം റിപ്പോർട്ട് നടപ്പിലാക്കുന്നതിനു ചില പ്രയാസങ്ങൾ നേരിടേണ്ടി വരാമെന്നും, അവ ബുദ്ധിപരമായ തന്ത്രങ്ങളിലൂടെയും അശ്രാന്ത പരിശ്രമത്തിലൂടെയും മറികടക്കാമെന്നും, ആയതിനാൽ ടി റിപ്പോർട്ട് നടപ്പാക്കുന്നതിനുള്ള സമയബന്ധിതമായ നടപടികളും ഉദ്ദേശിക്കുന്ന ഫലവും |

| | |
|---|---|
| | (deliverable) ഉള്ള ഒരു പദ്ധതി (സ്കീം) 31.07.2017 ന് അകം കമ്മീഷനു സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനത്തിലെ പല തലങ്ങൾ ഇല്ലാതെയാക്കി, ഉപയോഗിക്കപ്പെടാത്ത മാനവവിഭവ ശേഷി പുനർവിന്യസിക്കുന്നതിനും വേണ്ട പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) പഠനറിപ്പോർട്ടിൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിയമനത്തെപ്പറ്റി എന്തെല്ലാം നിർദ്ദേശങ്ങളും ശിപാർശകളുമാണ് നൽകിയിട്ടുള്ളത്; ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (സി)<br>1. ഐ.ഐ.എം കോഴിക്കോടിന്റെ പഠന റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) നിയമനത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു. 1. സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റത്തിൽ നൽകുന്ന 20% ക്വാട്ട എന്നത് 10% ആയി ചുരുക്കുക.<br>2. അപ്പോയിൻമെന്റ് ബൈ ട്രാൻസ്ഫർ (ഇൻസർവ്വീസ്) ക്വോട്ട 10% ത്തിൽ നിന്നും 20% ആയിട്ട് വർദ്ധിപ്പിക്കുക.<br>3. പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ട് നിയമനം നടത്തുന്ന 40% ക്വോട്ട 50% ക്വോട്ട ആയി വർദ്ധിപ്പിക്കുക.<br>4. അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) മാരുടെ താല്പര്യവും നിപുണതയും കണക്കിലെടുത്ത് അവരെ ഉല്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകളിൽ വിന്യസിക്കുക, ഉപഭോക്തൃ സേവനത്തിലും വിപണനത്തിലും നിർവ്വഹണത്തിലും തല്പരരായവരെ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ നിയമിക്കുകയും സാങ്കേതികമായി അധികം പ്രാവീണ്യമുള്ളവരെ ഉല്പാദന രംഗത്ത് വിന്യസിക്കുകയും ചെയ്യുക.<br>5. സ്ഥാനക്കയറ്റം പി.എസ്.സി റാങ്കിൽ മാത്രം അധിഷ്ഠിതമാക്കാതെ കാര്യപ്രാപ്തിയും പ്രകടനത്തെയും കൂടി വിലയിരുത്തികൊണ്ട് നടപ്പിലാക്കുക.<br>6. ട്രെയിനിംഗ് സെന്ററുകളിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തിക (RPTI&PETARC) 2-ൽ നിന്ന് 1 ആയി ചുരുക്കുക.<br>7. മാനേജ്മെന്റ് ബിരുദധാരികളെ കൂടി (MBA) വിതരണ രംഗത്ത് പരിഗണിക്കുക.<br>03.05.2016 ൽ കെ.എസ്.ഇ.ബി.എൽ (ബോർഡ്) ന് മുമ്പാകെ ഐ.ഐ.എം കോഴിക്കോട് കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേദിവസം കൂടിയ ബോർഡുയോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.<br>ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റി ഐ.ഐ.എം കോഴിക്കോടിനോട് ആരായുകയും |

| | |
|---|---|
| | ആയവ സംബന്ധിച്ച തുടർ പഠനങ്ങൾ ഐ.ഐ.എം കോഴിക്കോട് നടത്തുകയും 07.06.2017 ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എൻജിനീയർ (എച്ച്.ആർ.എം) കൺവീനറായും, ഫുൾ ടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾ ടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിൽ ആണ്. |
| (ഡി) ഇത്തരത്തിൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ എത്ര രൂപയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെലവാക്കിയത് എന്നറിയിക്കാമോ? | (ഡി) 57,57,326/- രൂപ. |

സെക്ഷൻ ഓഫീസർ